# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM17/2145/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM17/2145/21 തീയ്യതി: 01/02/2022

## മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 26-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2021 | 14-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-11-2021 | 14-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, (ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ജിഷ കെ, (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി. ലത. ഒ.വി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ഇദ്രീസ് അബ്ദുള്ള എ.സി, (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. പി കുമാരൻ | പ്രസിഡന്റ് | 01-04-2020 | 03-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 04-11-2020 | 20-12-2020 |
| ശ്രീമതി. ശാലിനി | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. കെ ജയൻ | സെക്രട്ടറി | 01-04-2020 | 17-06-2020 |
| ശ്രീ. ശ്രീനിവാസൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-06-2020 | 15-07-2020 |
| ശ്രീ. പ്രസാദ് പി | സെക്രട്ടറി | 16-07-2020 | 03-03-2021 |
| ശ്രീ. ശ്രീനിവാസൻ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശ്രീനിവാസൻ എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-01-2021 |
| ശ്രീ. സുധൻകെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | 01-02-2021 | 31-03-2021 |
| ഡോ. മുബാറക്ക് നദീർ കുട്ടി | മെഡിക്കൽ ഓഫീസർ (എഫ്.എച്.സി) | 01-04-2020 | 31-03-2021 |
| ഡോ. സമീറ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ഡിസ് പി.പി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. ജുമൈത്ത് വി.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 05-01-2021 |
| ശ്രീമതി. ജിൻസി ഐ | അസിസ്റ്റന്റ് എഞ്ചിനിയർ | 06-01-2021 | 25-02-2021 |
| ശ്രീമതി. സിന്ധു പി.എ | അസിസ്റ്റന്റ് എഞ്ചിനിയർ | 26-02-2021 | 31-03-2021 |
| ശ്രീമതി. മുംതാസ് ബീഗം എം.സി.സി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി. അശ്വതി വിജയൻ | വി.ഇ.ഒ ഗ്രേഡ്-2 | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. റംലത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. അബ്ദുൾ മഹ്റൂഫ് എച്ച്.പി | ഡയറി എക്സ്റ്റൻഷൻഓഫീസർ | 01-04-2020 | 04-06-2020 |
| ശ്രീ. പി മഹേഷ് | ഡയറി എക്സ്റ്റൻഷൻഓഫീസർ | 05-06-2020 | 20-08-2020 |
| ശ്രീ.ഷജിത്ത് കെ | ഡി.എഫ്.ഐ | 21-08-2020 | 31-03-2021 |
| ശ്രീമതി. നഷ്വ സി.പി | കൃഷി ഓഫീസർ | 01-04-2020 | 04-06-2020 |
| ശ്രീ. ജമാലുദീൻ എ | കൃഷി ഓഫീസർ | 05-06-2020 | 02-07-2020 |
| ശ്രീമതി. ഷഹനില പി.പി | കൃഷി ഓഫീസർ | 03-07-2020 | 05-10-2020 |
| ശ്രീമതി. ഫർസാന ഷമിൻ | കൃഷി ഓഫീസർ | 06-10-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 10-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21<br>Written By: Idrees Abdulla A.C. (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-12-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-12-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-12-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-11 |
| 13 | തൊഴിൽ നികുതി-അപാകത<br>Written By: Idrees Abdulla A.C. (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-12 |
| 14 | സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.<br>Written By: Idrees Abdulla A.C. (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-13 |
| 15 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 14-12-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 17-01-2022) | |
| 16 | ലൈഫ് ഭവന പദ്ധതി - അനുബന്ധ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-15 |
| 17 | കിണർ നിർമ്മാണം- അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-16 |
| 18 | സ്വയം തൊഴിലിന് ഓട്ടോറിക്ഷ - ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-17 |
| 19 | ലൈസൻസില്ലാത്ത ഫാമിൽ നിന്നും പോത്തുകുട്ടികളെ വാങ്ങി വിതരണം ചെയ്തു<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-18 |
| 20 | SC വിവാഹധനസഹായം അധികം നൽകിയത്<br>Written By: Latha.O.V (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-19 |
| 21 | അംഗനവാടി പൂരകപോഷകാഹാരം ടി.ഡി. എസ്. ഈടാക്കിയില്ല.<br>Written By: Latha.O.V (Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-20 |
| 22 | സപ്ലൈകോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ മരുന്നു വാങ്ങി<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-21 |
| 23 | കലക്ടേഴ്സ് @സ്കൂൾ - സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് ടെണ്ടറില്ലാതെ പ്രവർത്തി ഏൽപ്പിച്ചു നൽകി<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-22 |
| 24 | സായാഹ്ന ഒ പി ഡോക്ടർ സ്റ്റാഫ് വേതനം- വൗച്ചറുകൾ ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-23 |
| 25 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-24 |
| 26 | മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക നൽകൽ - മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയില്ല .<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-25 |
| 27 | പരിരക്ഷ പദ്ധതി - ചെലവിൽ ഇരട്ടിപ്പ് സംഭവിച്ചു- തുക തിരിച്ചടവാക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-26 |
| 28 | പകർച്ചവ്യാധി പ്രതിരോധം നിയന്ത്രണം-ഒരേ ദിവസത്തെ വാടക രണ്ടു പ്രാവശ്യം നൽകി, പൾസ് ഓക്സിമീറ്റർ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-27 |

| | | |
|---|---|---|
| 29 | വാഹന വാടക ഒരേ വാഹനത്തിന് രണ്ടു പ്രവർത്തനങ്ങൾക്കായി നൽകി<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-28 |
| 30 | വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-29 |
| 31 | എസ് എസ് എ വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-29-1 |
| 32 | ഐകെ എം - വിഹിതം നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-29-2 |
| 33 | അയനിക്കുണ്ട് കുടിവെള്ള പദ്ധതി യീൽഡ് ടെസ്റ്റ് നടത്തുന്നതിന് തുക നൽകൽ<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-29-3 |
| 34 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 17-01-2022) | 1-29-4 |
| 35 | സെന്ററിങ്ങിന് തെറ്റായ സ്പെസിഫിക്കേഷൻ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി -കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് പരിശോധിക്കാതെ ടെണ്ടർ അംഗീകരിച്ചു.<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-30 |
| 36 | പൊറ്റോടി റോഡ് പുഞ്ചപ്പാടം ചിറവരമ്പ് ഫുട്പാത്ത് കോൺക്രീറ്റിംഗ്- അധിക തുക പിൻവലിച്ചത് ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടവാക്കി.<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 31-01-2022) | 1-31 |
| 37 | സിമന്റ് കോൺക്രീറ്റിംഗിന് ഷട്ടറിംഗ് ഉൾപ്പെട്ട നിരക്ക് നൽകി<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 31-01-2022) | 1-32 |
| 38 | അസി. എഞ്ചിനീയർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നത് സംബന്ധിച്ച്<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-33 |
| 39 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.<br>Written By: ABDHU NAZER.P (Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-34 |
| 40 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയില്ല.<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-35 |
| 41 | പട്ടോഡി മേലേപ്പറമ്പ് പാലം തോട് ക്ലീനിംഗ് - അപാകതകൾ<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-36 |
| 42 | പത്രപ്പരസ്യം - ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-37 |
| 43 | അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-38 |

| | | |
|---|---|---|
| 44 | ആരോഗ്യ ജാഗ്രത- വിനിയോഗം<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പകർച്ചവ്യാധി പ്രതിരോധം നിയന്ത്രണം-ഒരേ ദിവസത്തെ വാടക രണ്ടു പ്രാവശ്യം നൽകി<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 3-1 |
| 2 | പരിരക്ഷ പദ്ധതി - ചെലവിൽ ഇരട്ടിപ്പ് സംഭവിച്ചു- തുക തിരിച്ചടവാക്കേണ്ടതാണ്.<br>Written By: Jisha.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 18-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 03-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Idrees Abdulla A.C. (Auditor, On 13-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 31-01-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Idrees Abdulla A.C. (Auditor, On 03-12-2021)<br>Last Updated By: Unni.P (Deputy Director, On 01-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 3/1- 24.03.2020 | പുതുക്കിയിട്ടില്ല |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 06 .07.2021 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31169788.71 |
| വരവ് | 108852451 |
| ആകെ | 140022239.71 |
| ചെലവ് | 122432494 |
| നീക്കിയിരിപ്പ് | 17589745.71 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21358101 | 21358101 | 20969011 | 389090 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6648529 | 6648529 | 5817236 | 831293 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 5409724 | 5409724 | 5390387 | 19337 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 18164000 | 18164000 | 15551107 | 2612893 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied Basic Grand) | 0 | 13160992 | 13160992 | 8942595 | 4218397 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied Grand) | 0 | 7310000 | 7310000 | 2718624 | 4591376 |
| ബി ഫണ്ട് | 0 | 71938220 | 71938220 | 71938220 | 0 |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2020-21

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 23995035/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 20960911/-രൂപയാണ്. (ജി.ഒ പ്രോജക്ട് പ്രകാരം Deduction ചെയ്യേണ്ടത് തുക 3026024/- രൂപയാണ്. എന്നാൽ 3034124/- രൂപയാണ് Deduction ചെയ്തത്).

ഗ്രാന്റ് പത്രിക പ്രകാരം Development Fund (SCP)- ചെലവ് 5919707/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 5817236/-രൂപയാണ്. (ജി.ഒ പ്രോജക്ട് പ്രകാരം Deduction ചെയ്ത തുക 102471/- രൂപയാണ്).

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 326 | 206598709 | 239 | 97400590 | 0 | 87 | 73.3% |

പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2342 | 1916272 | 1918614 | 1907871 | 10743 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 22024560 | 22024560 | 22024560 | 0 |
| ആകെ | 2342 | 23940832 | 23943174 | 23932431 | 10743 |

കുറിപ്പ്

പട്ടിക പ്രകാരം ചേർത്തിരിക്കുന്ന ആകെ ചെലവിൽ 4053343/- രൂപ മെറ്റീരിയലുകൾക്കായി ചെലവഴിച്ചതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7800 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 3538900 | 209 |
| വിധവാപെൻഷൻ | 27374300 | 1954 |
| വാർദ്ധക്യകാലപെൻഷൻ | 605800 | 34 |
| വികലാംഗപെൻഷൻ | 6452500 | 3664 |
| വിവാഹ ധനസഹായം | 360000 | 12 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 605800 | 34 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2021 ന് 10.45 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3703/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയിട്ടില്ല.

2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3.തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ പൂർണ്ണമല്ല.

4.മെഡിക്കൽ ഓഫീസർ,(പി.എച്ച്.സി), അസി. സെക്രട്ടറി, കൃഷി ഓഫീസർ, വി.ഇ.ഒ എന്നീ നിർവ്വഹണോദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.പഞ്ചായത്തുമായി കരാറിലേർപ്പെടുമ്പോൾ കരാറുകാരെ കൊണ്ട് നിയമ പ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ

വെയ്പിക്കാതെയും സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം മാത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുന്ന പ്രവണത കാണുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

6.ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ (ജി.ഒ.(എം.എസ്.72/2017 /ത.സ്വ.ഭ.വ, തീയതി-29-3-2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

7. 2013-ലെ കേരള സ്റ്റോർ പർച്ചേസ് മാന്വലിൽ നിഷ്കർഷിക്കുന്ന വിധത്തിൽ വാർഷിക ആവശ്യകതാ നിർണ്ണയം നടത്താതെയാണ് സ്റ്റോർ പർച്ചേസ് നടത്തിയിട്ടുള്ളത്.

8. അസിസ്റ്റന്റ് എഞ്ചിനീയർ ടെണ്ടർ ഫോറം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല.
10. നിർവ്വഹണോദ്യോഗസ്ഥരായ വി.ഇ.ഒ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർക്ക് പ്രത്യേകം ഓഫീസ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2021 | 11/2021 | 17.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.12.2010 | 2005-06 മുതൽ 2009-10 വരെ | 31.01.2011 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) താഴെ പറയുന്ന ഇനങ്ങളിലെ വരവ് വാർഷികകണക്ക്, ഡി.സിബി രജിസ്റ്റർ എന്നിവ പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷികകണക്ക് പ്രകാരമുള്ള വരവ് | ഡി.സിബി രജിസ്റ്റർ/ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|
| Permit Fee For Running Machinery | 9500 രൂപ | 5585രൂപ | 3915രൂപ |
| Property Tax Current Collection | 5322793.5 രൂപ | 5260834 രൂപ | 61959.5 രൂപ |

2) വാർഷികകണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം 352324/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇവയുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

3) വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് ഇനത്തിൽ 3563786/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇവയുടെ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല.

4) പഞ്ചായത്തിന്റെ താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ ബാങ്ക് പാസ് ബുക്കുകളുമായി മാസാമാസം റിക്കൺസിയലേഷൻ നടത്തിയിട്ടില്ല.

| ക്രമ നം. | ബാങ്ക്, അക്കൗണ്ട് | 31.03.2021ലെ ബാലൻസ് | അക്കൗണ്ട് നം. |
|---|---|---|---|
| 1 | SBI E Payment | 1383113 | 67387650473 |
| 2 | കേരള ഗ്രാമീൺ ബാങ്ക് (ടി.എസ്.സി) | 576511 | 40147111000229 |
| 3 | തിരൂർ കോ-ഓപ്പറേറ്റീവ് അർബൺ ബാങ്ക്. | 10743 | 2206007007730 |
| 4 | കേരള ഗ്രാമീൺ ബാങ്ക് ചമ്രവട്ടം | 13978288 | 40147100107767 |
| 5 | ട്രഷറി LGSTSB | 395125 | 799013000001088 |
| 6 | ട്രഷറി തനത് ഫണ്ട് | 913751 | 71505140000009 |

കൂടാതെ മേൽ പട്ടികയിലെ ക്രമ നം. 2, 3, 5 ലെ അക്കൗണ്ടുകളുടെ ബാങ്ക്-ബുക്ക്, പാസ്-ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ

പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) താഴെ പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് അവയുടെ അക്കൗണ്ടുകളുടെ (B-17) ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 ഷെഡ്യൂൾ പ്രകാരം | B- 17 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| Literacy Scheme Grant | 2701 | 0.50 | 2700.5 |
| Total Sanitation Campign (TSC) | 244010 | 576511 | 332501 |

6) വാർഷികകണക്കിലെ B-5 ഷെഡ്യൂൾ പ്രകാരം 15722566/- വായ്പ ഇനത്തിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7) പ്രോജക്ട് നം.314/20-21-ലൈഫ് ഭവന പദ്ധതി (ജനറൽ) - (സ്പിൽ ഓവർ) പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 38651/-രൂപ ചെലവുണ്ട്. എന്നാൽ വാർഷികകണക്കിലെ ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ നീക്കിയിരിപ്പിൽ ഈ തുക കുറവ് ചെയ്തിട്ടില്ല.

8) ബഡ്സ് റീ-ഹാബിലിറ്റേഷൻ സെന്ററിനായുള്ള തുക Investment -Equity Shares എന്ന ഹെഡിൽ തെറ്റായി വരവ് വെച്ചു. ബാലൻസ് ഷീറ്റ് B- 12 ഷെഡ്യൂൾ പ്രകാരം Investment -Equity Shares ഇനത്തിൽ 357152 /- നീക്കിയിരിപ്പുണ്ട്.

9) എല്ലാ ആസ്തികളും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 തൊഴിൽ നികുതി-അപാകത

2020-21 സാമ്പത്തിക വർഷത്തിലെ ആദ്യ അർദ്ധ വർഷത്തിൽ തൃപ്രങ്ങോട് ദേവസ്വം ജീവനക്കാരിൽ നിന്നും 31400 രൂപ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്. എന്നാൽ 120130500078/02.11.2020 നമ്പർ രശീതി പ്രകാരം 30150 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

തൊഴിൽ നികുതിയിനത്തിലുള്ള മുഴുവൻ തുകയും ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഈടാക്കാൻ അവശേഷിക്കുന്ന 1250/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 1-13 സർക്കാർ ഉത്തരവ് പ്രകാരം നികുതി പരിഷ്ക്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചില്ല.

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന കാന്റീൻ, ആഡിറ്റോറിയം, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നിവയുടെ നികുതി നിരക്ക് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ വസ്തു നികുതി പ്രിന്റ് പരിശോധിച്ചതിൽ, മേൽ ഉത്തരവ് പ്രകാരമുള്ള നികുതി നിരക്കുകൾ നിശ്ചയിച്ച് തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്ക്കരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 13/2020-21 തിയ്യതി 09.12.2021)

## 1-14 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കിയില്ല

2020-21ൽ സെക്രട്ടറി നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം കുറവു ചെയ്തില്ല.

| ക്രമ നമ്പർ | പ്രോജക്ട് | വൗച്ചർ നമ്പർ/ തുക | | കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന KCWWF വിഹിതം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 07/21 തെരുവ് വിളക്ക് റിപ്പയർ<br>അടങ്കൽ 490000/-(തനത് ഫണ്ട്) | വൗച്ചർ നമ്പർ 22000658/ 30.12.20 (332710/-)<br>തനത് ഫണ്ട് | 343000 | ശ്രീ അബൂബക്കർ ടി ഇ | 3430 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വൗച്ചർ നമ്പർ 22001096/ 18.03.21 (139787/-) തനത് ഫണ്ട് | 144110 | | 1441 | | |
| 2 | 121/21 പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ അടങ്കൽ 490000/-(തനത് ഫണ്ട്) | വൗച്ചർ നമ്പർ 22001154/ 29.03.21 (354803/-) + (GST 42576.37 + Supervision Charge 16891= 417818/- തനത് ഫണ്ട്) | | ശ്രീ ദിനേശൻ കെ | 3548 | GST -TDS ഇനത്തി ൽ 2% ഈടാക്കുന്നതിനു പകരം 12% ഈടാക്കിയതായി കാണുന്നു. |

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കുറവു ചെയ്യാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/2020-21/10.12.21) മറുപടി ലഭ്യമാക്കിയില്ല. തുക കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവന പദ്ധതി - അനുബന്ധ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്

2020-21 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച ലൈഫ് ഭവന പദ്ധതിക്കായി വിവിധ പ്രോജക്ടുകളിലായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പ്രോജക്ട് | അടങ്കൽ | ഫണ്ടിനം | ചെലവിന്റെ വിശദാംശം |
|---|---|---|---|---|
| 1 | 14/21 ലൈഫ് ഭവന പദ്ധി (ജനറൽ) | 2400000 | വികസന ഫണ്ട് (ജനറൽ) | 2400000 |
| | | 1000000 | സംസ്ഥാനാവിഷ്കൃത ഫണ്ട് | - |
| | | 500000 | ബ്ലോക്ക് ഷെയർ | |
| | | 536600 | ജില്ലാ പഞ്ചായത്ത് ഷെയർ | 360000 |
| 2 | 201/21 ലൈഫ് ഭവന പദ്ധതി(എസ് സി) പി എം എ വൈ (ഗ്രാമീൺ) | 1370000 | വികസന ഫണ്ട് (എസ് സി പി) | 520000 |
| | | 1325000 | തനത് ഫണ്ട് | - |
| 3 | 314/21 ലൈഫ് ഭവന പദ്ധതി(ജനറൽ) പി എം എ വൈ | 38651 | ജില്ലാ പഞ്ചായത്ത് ഷെയർ | 38651 |

| | | | | |
|---|---|---|---|---|
| | (ഗ്രാമീൺ) | | | |
| | | 3324420 | മറ്റുള്ളവ | - |
| 4 | 328/21 ലൈഫ് ഭവന പദ്ധതി(ജനറൽ) പി എം എ വൈ (ഗ്രാമീൺ) | 12500000 | സംസ്ഥാനാവിഷ്കൃത ഫണ്ട് | - |
| | | 2800000 | തനത് ഫണ്ട് | 800000 |
| | | 960000 | ജില്ലാ പഞ്ചായത്ത് ഷെയർ | - |
| | | | | 4118651 |

പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പയുന്ന അപാകതകൾ കാണുന്നു.

1. ലൈഫ് ഭവന പദ്ധതിയിൽ മേൽ കാണിച്ച പ്രകാരം 4118651/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

2 ലൈഫ് ഗുണഭോക്താക്കളുടെ വിവിധ ഗഡുക്കൾ നൽകുന്നതിന് സൂക്ഷിച്ച 2018-19 മുതലുള്ള ഗുണഭോക്താക്കളുടെ രജിസ്റ്റർ ഹാജരാക്കിയെങ്കിലും, ആയത് എഴുതി പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താവിന് ഏതു ഗഡു തുകയാണ് നൽകിയതെന്നോ ഏതു സ്റ്റേജിലാണ് നിർമ്മാണം നിലനിൽക്കുന്നതെന്നോ രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.

3. ബിൽ O/c യിൽ ഗുണഭോക്താവിന്റെ പേര് മാത്രമാണ് കാണിക്കുന്നത്. ഒരേ പേരുള്ള ഒന്നിലധികം ഗുണഭോക്താക്കൾ ഉള്ളതിനാൽ ഗുണഭോക്താവിന്റെ കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/2020-21/13.12.2021) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിൽ കൃത്യത പാലിക്കുന്നതിന് ആവശ്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും ആയവ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-16 കിണർ നിർമ്മാണം- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് : 231/21 കിണർ നിർമ്മാണം

അടങ്കൽ : 782000/-(272000/-കേന്ദ്രാവിഷ്കൃത ഫണ്ട് + 510000/- തനത് ഫണ്ട്)

ചെലവ് : 390000/- (തനത് ഫണ്ട്)

മേൽ പ്രോജക്ട് പ്രകാരം 15000 / - രൂപ വീതം കിണർ നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. പ്രൊജക്ടിന്റെ ചെലവു പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. താഴെ പറയുന്നവർക്ക് ആനുകൂല്യം നൽകിയെങ്കിലും ടിയാളുകളെ ഗുണഭോക്താക്കളായി ഭരണസമിതി അംഗീകരിച്ച തീരുമാനം ലഭ്യമാക്കിയില്ല. ടിയാളുകളെ ഗുണഭോക്താക്കളായി അംഗീകരിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക | ആനുകൂല്യം നൽകിയവരുടെ പേര് |
|---|---|---|---|
| 1 | 22000282/15.07.20 | 45000 | ശ്രീമതി ശ്യാമള കുരിയാട്ടിൽ |
| 2 | | | ശ്രീമതി ഉമ്മു ആത്തിക്ക എടശ്ശേരി |
| 3 | | | ശ്രീ ബീരാൻ കുട്ടി ഇട്ടിക പറമ്പിൽ |

2. പ്രോജക്ടിനായി 390000/- രൂപ ചെലവു ചെയ്തെങ്കിലും 345000/- രൂപയുടെ ചെലവു വൗച്ചറുകൾ മാത്രമാണ് പരിശോധനക്കായി ലഭ്യമാക്കിയത്. വൗച്ചർ നമ്പർ 22000724/20.01.2021 പ്രകാരം 45000/- രൂപയുടെ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവു വൗച്ചറുകൾ പരിശോധനക്കായി ഹാജരാക്കിയില്ല. ആയത് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29 /*2020-21/* 09.12.2021) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളെ അംഗീകരിച്ചുകൊണ്ടുള്ള ഭരണ സമിതി തീരുമാനം, 45000/- രൂപയുടെ ചെലവു വൗച്ചറുകൾ എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക 90000/- രൂപ തടസ്സം ചെയ്യുന്നു.

## 1-17 സ്വയം തൊഴിലിന് ഓട്ടോറിക്ഷ - ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് : 232/21 സ്വയം തൊഴിലിന് ഓട്ടോറിക്ഷ

അടങ്കൽ : 1200000/- (143600/- വികസന ഫണ്ട്- ജനറൽ + 156400/- തനത് ഫണ്ട്+ 900000/- വായ്പ)

ചെലവ് : 250000/-1. ബിൽ നമ്പർ 07/20-21/28.10.20(143600/- വികസന ഫണ്ട്- ജനറൽ)

2. വൗച്ചർ നമ്പർ 22000511/5.11.20 106400/- തനത് ഫണ്ട് )

മേൽ പ്രോജക്ടിനായി സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങുന്നതിനായി തിരൂർ മോട്ടോർ ട്രാൻസ്പോർട്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വായ്പ എടുത്ത് ഓട്ടോറിക്ഷ വാങ്ങുന്നതിനായി 50000/- രൂപ സബ്സിഡി ഇനത്തിൽ താഴെ പറയുന്ന 5 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് |
|---|---|
| 1 | മുഹമ്മദ് ഷുഹൈബ് |
| 2 | ഉണ്ണികൃഷ്ണൻ യൂത്രേടത്ത് |
| 3 | ജെംസി ഗണേഷൻ കോഴിശ്ശേരി |
| 4 | സഹീറുദ്ദീൻ നടുവിൽ പറമ്പിൽ |
| 5 | ശുഹൈബ് കെ പി കിഴക്കേ പീടിയേക്കൽ |

എന്നാൽ മേൽ ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമാക്കിയില്ല. വാഹനം വാങ്ങിയതിന് RC ബുക്കിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/*2020-21*/13.12.2021) മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക 250000/- രൂപ തടസ്സം ചെയ്യുന്നു.

## 1-18 ലൈസൻസില്ലാത്ത ഫാമിൽ നിന്നും പോത്തുകുട്ടികളെ വാങ്ങി വിതരണം ചെയ്തു

നിർവ്വഹണോദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ: 69/21 പോത്തുകുട്ടി വിതരണം

അടങ്കൽ തുക : 376000/- (വികസന ഫണ്ട്- ജനറൽ) + 376000/- (ഗുണഭോക്തൃ വിഹിതം)

ബിൽ നമ്പർ: 03/20-21/18.12.2020 (376000/-)

വൗച്ചർ നമ്പർ : 22000629/03.12.20 (376000/-)

2020-21 വർഷത്തിൽ വെറ്ററിനറിസർജൻ നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം 16000/- രൂപ വില വരുന്ന 47 പോത്തുകുട്ടികളെ അഹമ്മദ് ഷാഫി എന്നവരുടെ APH Livestock Farm, Alathiyur, Tirur എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ലൈസൻസ് ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നുകാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/20-21/06.12.2021 ) മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്തിലെ ഫാം ലൈസൻസുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ ഒരു സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടില്ല. 2012 ലെ ലൈഫ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ 5 ൽ കൂടുതൽ കന്നുകാലികളെ വളർത്തുന്ന ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കാൻ പാടുള്ളതല്ല. ലൈസൻസ് ഇല്ലാതെ ഇത്രയും അധികം പോത്തുകുട്ടികളെ വളർത്തുന്നത് ചട്ടവിരുദ്ധമാണ്. പ്രോജക്ട് നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 SC വിവാഹധനസഹായം അധികം നൽകിയത്

നിർവ്വഹണം :അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്റ്റിന്റെപേര് : SCപെൺകുട്ടികൾക്ക് വിവാഹധനസഹായം

പ്രൊജക്ട് നം 6/20-21

അടങ്കൽ : 975000

ഫണ്ട് : പ്ലാൻ - 900000/-

ആകെ ചെലവ് :900000/- (ബിൽ നം 1/15.7.20 തുക-75000/-)

SC പെൺകുട്ടികൾക്ക് വിവാഹ ധനസഹായം എന്ന പദ്ധതി പ്രകാരം 4.8.2012 ന് വിവാഹം കഴിഞ്ഞ വിനയ, D/O വേലായുധൻ എന്ന ഗുണഭോക്താവിന് 75000രൂപ മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. ടിയാൾ ധനസഹായത്തിന് അപേക്ഷിച്ചത് 7.12.19 നാണ്. അപേക്ഷ സമർപ്പിയ്ക്കുന്നതിലെ കാലതാമസം മാപ്പാക്കി കിട്ടുന്നതിനു വേണ്ടി 30.12.2019 ലെ 3 നമ്പർ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ജല്ലാ കളക്ടർക്ക് മാപ്പപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ കളക്ടറുടെ 7.2.20 ലെ DDP MP11628/18-D-10 ഉത്തരവു പ്രകാരം അപേക്ഷ സമർപ്പിയ്ക്കുന്നതിലെ കാലതാമസം മാപ്പാക്കിയും നിയമം അനുശാസിയ്ക്കുന്ന വിധത്തിൽ ധനസഹായം അനുവദിയ്ക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 4.8.2012 ന് വിവാഹം കഴിഞ്ഞ ഗുണഭോക്താവിന് അന്നത്തെ നിരക്കിലുള്ള 20000 രൂപയാണ് അനുവദനീയമായത്.

മാർഗരേഖയ്ക്കു വിരുദ്ധമായി അധികം തുക നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിററ് എൻക്വയറിയ്ക്കുള്ള നം. 27/13.12.2021(2020-21) മറുപടിയിൽ അതിദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബത്തിന് ധനസഹായം നൽകുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും കാലതാമസം മാപ്പാക്കി തന്ന കളക്ടറുടെ ഉത്തരവിലോ സബ്സിഡി മാനദണ്ഡത്തിലോ വിവാഹ ധനസഹായം എപ്രകാരം നല്കണം എന്നതു സംബന്ധിച്ച കൃത്യമായ നിർദ്ദേശങ്ങൾ ഇല്ലാത്തതിനാലാണ് ദരിദ്രരായ പട്ടികജാതി കുടുംബത്തിന് ഇപ്പോഴത്തെ വിലവിലുള്ള ധനസഹായം നൽകുവാൻ ഇടയായത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. ആനുകൂല്യ വിതരണത്തിന് സർക്കാര മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

## 1-20 അംഗനവാടി പൂരകപോഷകാഹാരം ടി.ഡി. എസ്. ഈടാക്കിയില്ല.

നിർവ്വഹണം : ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പ്രോജക്ട് നം : 36/20-21

പ്രോജക്ടിന്റെപേര് : അംഗനവാടി പൂരകപോഷകാഹാരം

അടങ്കൽ : 40 ലക്ഷം

വികസന ഫണ്ട്-23ലക്ഷം

കേന്ദ്രാവിഷ്കൃതഫണ്ട്- 17 ലക്ഷം

ആകെചെലവ് :40 ലക്ഷം

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21-07-18 ലെ 28th GST Council എന്നിവ പ്രകാരം 250000ത്തിനു മുകളിലുള്ള വാങ്ങലുകളിൻമേൽ ജി.എസ്.ടി. 2% ടി.ഡി.എസ്. കുറവു ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ധനശ്രീ, പവിത്രം എന്നീ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും വാങ്ങിയ ന്യൂട്രിമിക്സിന്മേൽ ഇപ്രകാരം ടി.ഡി.എസ്. കുറവു ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1)ധനശ്രീ കുടുംബശ്രീ യൂണിറ്റ്

| ബിൽ/ചെക്ക് നം&തീയതി, | തുക | ഇൻവോയ്സ് നം&തീയതി | കുടുംബശ്രീയ്ക്ക നൽകിയ തുക (GST ഒഴികെ) | ടി.ഡി. എസ്. | SGST-1% CGST-1% |
|---|---|---|---|---|---|
| 1614337/16.2.20 | 1190521 | 17/21.10.20 | 251600 | 5032 | |
| | | 14/18.9.20 | 251600 | 5032 | |

ആകെ 10064

1) പവിത്രം കുടുംബശ്രീയൂണിറ്റ്

| ബിൽ/ചെക്ക് നം&തീയതി, | തുക | ഇൻവോയ്സ് നം&തീയതി | കുടുംബശ്രീയ്ക്ക നൽകിയ തുക (GST ഒഴികെ) | ടി.ഡി. എസ്. |
|---|---|---|---|---|
| 1614337/16.2.20 | 1190521 | 15.1.20 | 267547 | 5350 |

2,50,000 രൂപയുടെ മുകളിലുള്ള വാങ്ങലുകൾക്ക് ടി.ഡി.എസ്. ഈടാക്കാത്തതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 25/13.12.2021(20-21) TDS കുറവു ചെയ്യുന്നതു സംബന്ധിച്ച് ധാരണ ഇല്ലാതിരുന്നു എന്നും തുടർവർഷങ്ങളിൽ TDS കുറവു ചെയ്യുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.TDS കുറവു ചെയ്ത് തുക അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ 250000 ത്തിനു മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിൻമേൽ 2% ടി.ഡി.എസ്. കുറവു ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-21 സപ്ലൈകോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ മരുന്നു വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്ട് നമ്പർ: 70/21 മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ

അടങ്കൽ തുക : 2,00,000/-(MG- NR)

ബിൽ നമ്പർ: 09/20-21/17.03.2021 (2,00,000/-)

2020-21 വർഷത്തിൽ വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മേൽ പ്രോജക്ട് പ്രകാരം 200000/- രൂപയുടെ മരുന്നുകൾ സപ്ലൈകോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയിട്ടുണ്ട്. വെറ്ററിനറി മരുന്നുകൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനാണ് സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുമതിയുള്ളത്. ടെണ്ടർ നടപടി കൂടാതെ മരുന്ന് വാങ്ങുന്നതിന് ആധാരമാക്കിയ അനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മരുന്നിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായാണ് ഇത്തരത്തിൽ സപ്ലൈകോയിൽ നിന്നും വാങ്ങിയതെന്ന മറുപടിയാണ് വാക്കാൽ നൽകിയത്. എന്നാൽ 17.11.2020 ലെ Issue No.0904301/2079 പ്രകാരം സപ്ലൈകോ ലഭ്യമാക്കിയ മരുന്നുകളിൽ പലതും 1 വർഷം പോലും Expiry Date ഇല്ലാത്തവയാണ്. ഇവ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയെങ്കിലും വിതരണ വിവരം ലഭ്യമാക്കിയില്ല. Expiry Date കുറവായ ചില മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | മരുന്ന് | Expiry Date |
|---|---|---|
| 1 | VIRTRA 50 Ml | 30.11.2021 |
| 2 | Babimido Inj 10 Ml | 31.12.21 |
| 3 | Inj. Steclin LA 200 Mg | 31.12.2021 |
| 4 | Sulbavet-clav 3.6 Gm Inj | 30.06.2021 |
| 5 | Nemosal Inj. 4.5 Gm | 30.09.2021 |
| 6 | Catosal 10 % 100 Ml Inj | 31.10.2021 |
| 7 | Receptal Vet Inj 10 Ml | 31.08.2021 |
| 8 | Beplex Forte Plus 11ml Inj | 30.11.2021 |
| 9 | Vetprofen Tab. 10S | 30.09.2021 |
| 10 | Cflox TZ Bolus 2s | 31.12.2021 |

മേൽ മരുന്നുകളുടെ വിതരണ വിവരം ലഭ്യമാക്കാത്തതിനാൽ Expiry Date കഴിഞ്ഞ മരുന്നുകൾ നിലവിൽ സ്റ്റോക്കിലുണ്ടോ എന്നത് പരിശോധിക്കാനായില്ല. മരുന്നുകളുടെ വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കുമ്പോൾ Expiry Date കുറഞ്ഞവയാണെങ്കിൽ മാറ്റി വാങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരുന്നുകൾ വാങ്ങുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (എൻക്വയറിനമ്പർ 06/20-21 /06.12.2021 )

## 1-22 കലക്ടേഴ്സ് @സ്കൂൾ - സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് ടെണ്ടറില്ലാതെ പ്രവർത്തി ഏൽപ്പിച്ചു നൽകി

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് : 326/21 കലക്ടേഴ്സ് @സ്കൂൾ

അടങ്കൽ : 2,21,000 (തനത് ഫണ്ട്)

ചെലവ് : വൗച്ചർ നമ്പർ 22001130/23.03.2021 (2,21,000/- - തനത് ഫണ്ട്)

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 10 എയിഡഡ് സ്കൂളുകളിൽ മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിനായി ബിന്നുകൾ സ്ഥാപിക്കുന്നതിന് 2,21,000/- രൂപ സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിക്കാതെ സോഷ്യോ എക്കണോമിക് ഫൗണ്ടേഷനെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല-ശുചിത്വ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സോഷ്യോ എക്കണോമിക് ഫൗണ്ടേഷന് നൽകിയിരുന്ന അക്രഡിറ്റേഷൻ കാലപരിധി 24.02.2019 ന് അവസാനിച്ചിട്ടുള്ളതാണ്. അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നടപടികൾ കൂടാതെ പദ്ധതി നിർവ്വഹണം നേരിട്ട് ഏൽപ്പിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/*2020-21*/13.12.2021) മറുപടി ലഭ്യമാക്കിയില്ല. അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ നടപടികൾ കൂടാതെ പ്രവർത്തി ഏൽപ്പിച്ചത് ശരിയായ നടപടിയല്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-23 സായാഹ്ന ഒ പി ഡോക്ടർ സ്റ്റാഫ് വേതനം- വൗച്ചറുകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ : 211/21 സായാഹ്ന ഒ പി ഡോക്ടർ, സ്റ്റാഫ് വേതനം

അടങ്കൽ : 1219200/- (Own Fund)

ചെലവ് : 10,34,400/-

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | ചെലവ് തുക | റിമാർക്സ് |
|---|---|---|---|
| 1 | 22000107/25.05.20 | 60000 | ഏപ്രിൽ 2020 ലെ വേതനം |
| 2 | 22000281/17.07.20 | 60000 | മെയ് 2020 ലെ വേതനം |
| 3 | 22000498/03.11.20 | 203200 | 2020 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ വേതനം |
| 4 | 22000559/17.11.20 | 101600 | ഒക്ടോബർ 2020 ലെ വേതനം |
| 5 | 22000639/28.12.20 | 101600 | നവംബർ 2020 ലെ വേതനം |
| 6 | 22000723/21.01.21 | 101600 | ഡിസംബർ 2020 ലെ വേതനം |
| 7 | 22000971/12.02.21 | 101600 | ജനവരി 2021 ലെ വേതനം |
| 8 | 22001125/22.03.21 | 101600 | ഫെബ്രുവരി 2021 ലെ വേതനം |
| | | 831200 | |

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം സായാഹ്ന ഒ പി ഡോക്ടർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നേഴ്സ് എന്നിവർക്ക് വേതനം നൽകിയിട്ടുണ്ട്. ചെലവ് പത്രിക പ്രകാരം 10,34,400/- രൂപയുടെ ചെലവ് കാണിച്ചിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ പ്രോജക്ട് ഫയലിൽ 8,31,200/- രൂപയുടെ വൗച്ചറുകൾ മാത്രമാണ് ഉള്ളത്. 2,03,200/- രൂപയുടെ വൗച്ചറുകൾ ഹാജരാക്കിയില്ല.

കൂടാതെ ഈവനിംഗ് ഒ പി ഡോക്ടർ, ഫാർമസിസ്റ്റ്, സ്റ്റാഫ് നേഴ്സ് എന്നിവരുടെ നിയമനം സംബന്ധിച്ച ഫയൽ ലഭ്യമാക്കിയില്ല. മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/20-21/06.12.2021) മറുപടി ലഭ്യമാക്കുകയോ ഫയൽ ലഭ്യമാക്കുകയോ ചെയ്തില്ല. ഫയൽ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ഫയലുകൾ, വൗച്ചറുകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 2,03,200/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രോജക്ട് നമ്പർ: 13/21 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ: 02/20-21/19.03.2021 (3,00,000/-)

2020-21 വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത മേൽ പ്രോജക്ട് പ്രകാരം മരുന്ന വാങ്ങുന്നതിനായി ഹോംകോയിലേക്ക് 300000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. (പ്രോഫോർമ ഇൻവോയ്സ് PF 1396/16.03.2021) 07.04.2021 ന് ഇന്റന്റ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01 /20-21/06.12.2021) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക നൽകൽ - മരുന്ന് ലഭ്യമായതിന്റെ വിവരം

ലഭ്യമാക്കിയില്ല .

മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന ലഭ്യമായതിന്റെ ഒരു ഇൻവോയ്സ് പോലും ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ബിൽ നമ്പർ / വൗച്ചർ നമ്പർ / തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 199/ 21 പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ | 600000 – MG(Non Road) | 05/20-21 /14.09.20 | 6,00,000 | കാലിക്കറ്റ് വനിത കോ – ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും മരുന്ന വാങ്ങുന്നതിനായി തുക നൽകി |
| 2 | 46/21 പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ | 1,00,000 – Own Fund | വൗച്ചർ നമ്പർ 1003/25.02.2021 | 1,00,000 | കാലിക്കറ്റ് വനിത കോ – ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും മരുന്ന വാങ്ങുന്നതിനായി തുക നൽകി |
| | | 7,00,000 – MG(Non Road) | 13/20-21/ 23.02.2021 | 3,00,000 | കാലിക്കറ്റ് വനിത കോ – ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും മരുന്ന വാങ്ങുന്നതിനായി തുക നൽകി |
| | | | 16/20-21/ 27.02.2021 | 3,29,964 | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്ന വാങ്ങുന്നതിനായി തുക നൽകി |
| 3 | 34/21 പരിരക്ഷ | 365191 – (Plan-Gen) | | | |
| | | 261309/- (Own Fund | വൗച്ചർ നമ്പർ 1004/25.02.2021 | 160000 | KMSCL ന നൽകി |
| | | 200000/- (Block Share) | ബിൽ നമ്പർ 18/20-21 /31.03.2021 | 130000 | KMSCL ന നൽകി |

| | | | | | |
|---|---|---|---|---|---|
| 4 | 181/21 പരിരക്ഷ | 225145 – (Plan-Gen) | 8/11.04.20 (As Per ACR) (177300/-) | 120000 | കാലിക്കറ്റ് വനിത കോ – ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും മരുന്ന വാങ്ങുന്നതിനായി തുക നൽകി |
| | | | | 1739964 | |

സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം. 22/2018/തസ്വഭവ,തിരുവനന്തപുരം, തിയ്യതി 14.02.2018 ക്രമ നമ്പർ 7.5.3 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിനാണ് അനുമതിയുള്ളത്.

7.5.4 പ്രകാരം KMSCL ൽ ഇന്റന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കാരുണ്യ/ നീതി / ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

എന്നാൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെ മേൽ പട്ടിക പ്രകാരമുള്ള ക്രമ നമ്പർ 1, 2, 4 എന്നിവ പ്രകാരം കാലിക്കറ്റ് വനിതാ കോ- ഓപ്പറേറ്റീവ് സൊസൈറ്റി, കാരുണ്യ ഫാർമസി എന്നിവയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി മുൻകൂറായി തുക നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി 04/20-21/06.12.2021). സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ മരുന്നുകൾ വാങ്ങിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
1739964/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

